സംസ്ഥാന ആരോഗ്യ വകുപ്പിൽ ജോലിയിലിരിക്കെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ജോലി ലഭിക്കുന്ന പദ്ധതി

124 [5913] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലിയിലിരിക്കെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ജോലി ലഭിക്കുന്ന പദ്ധതി പ്രകാരം സംസ്ഥാന ആരോഗ്യ വകുപ്പിൽ എൽ. ഡി. ക്ലാർക്ക് തുടങ്ങി തസ്തികകളിൽ നിയമിക്കപ്പെടാൻ അർഹരായവരിൽ എത്ര പേർക്ക് പ്രസ്തുത ഉത്തരവ് ഇറക്കിയിട്ടും നിയമനം ലഭിക്കാനുണ്ട്;

(ബി) ഈ വിഭാഗത്തിൽ അവസാനം നിയമനം നൽകിയത് എന്നാണ്; ഈ കാലാവധിക്കുശേഷം ഇതുവരെ നിയമനോത്തരവ് നൽകാതിരിക്കാൻ കാരണമെന്ത്; പ്രസ്തുത ആശ്വാസ പദ്ധതിപ്രകാരം ഒഴിവുവരുന്ന തസ്തികകളിൽ എത്ര ശതമാനം ആണ് നിയമിക്കുന്നത്; ഈ ഒഴിവുകളിൽ പി. എസ്. സി. മുഖാന്തിരമോ മറ്റു തരത്തിലോ നിയമനം നടത്താറുണ്ടോ;

(സി) കംപാഷണേറ്റ് എംപ്ലോയ്മെന്റ് പ്രകാരമുള്ള നിയമനങ്ങൾക്ക് നിയന്ത്രണം ഏതെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 110 പേർക്ക് നിയമനം നൽകാനുണ്ട്.

(ബി) ആശ്രിത നിയമന വ്യവസ്ഥ അനുസരിച്ച് അവസാനം നിയമനം നൽകിയത് 28-8- 2002-ൽ ആണ്. 2003 ഏപ്രിൽ മാസത്തിനുശേഷം 100 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിൽ പി. എസ്. സി. മുഖേനയും മറ്റു തരത്തിലും നിയമനം നടത്താവുന്നതാണ്. അത് ഏത് റേഷ്യോ അനുസരിച്ച് നടത്തണം എന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചുവരുന്നു.

(സി) കംപാഷണേറ്റ് എംപ്ലോയ്മെന്റ് പ്രകാരമുള്ള നിയമനങ്ങൾക്ക് നിയന്ത്രണം ഒന്നും ഏർപ്പെടുത്തിയിട്ടില്ല.

ഫാർമസിസ്റ്റ്, സ്റ്റോർ സൂപ്രണ്ട് എന്നീ തസ്തികകളിലെ ഒഴിവുകൾ നികത്തുവാൻ നടപടി

125 [5914] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
,, പി. കെ. കെ. ബാവ:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫാർമസിസ്റ്റ്, സ്റ്റോർ സൂപ്രണ്ട്മാരുടെ പ്രൊമോഷൻ എന്നാണ് അവസാനമായി നടന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ ഓരോന്നിലും എത്ര ഒഴിവുകൾ വീതമുണ്ട്;

(സി) ഈ ഒഴിവുകൾ എപ്പോൾ നികത്താനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ ഫാർമസിസ്റ്റുമാരുടെ പ്രൊമോഷൻ 23-5-2003-നും സ്റ്റോർ സൂപ്രണ്ടുമാരുടെ പ്രൊമോഷൻ 25-6-2002-ലുമാണ് അവസാനമായി നടന്നത്. ഹോമിയോപ്പതി വകുപ്പിൽ ഫാർമസിസ്റ്റുമാരുടെ പ്രൊമോഷൻ 9-10-2001-ലാണ് അവസാനമായി നടന്നത്. സ്റ്റോർ സൂപ്രണ്ട് തസ്തിക മേൽവകുപ്പിലില്ല. ആയുർവേദ വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) ആരോഗ്യ വകുപ്പിൽ ഫാർമസിസ്റ്റിന്റെ 13-ഉം, സ്റ്റോർ സൂപ്രണ്ടിന്റെ 18-ഉം ഒഴിവുകൾ നിലവിലുണ്ട് ഹോമിയോപ്പതി വകുപ്പിൽ ഫാർമസിസ്റ്റിന്റെ 91 ഒഴിവുകൾ നിലവിലുണ്ട്. ആയുർവേദ വകുപ്പിനെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(സി) ആരോഗ്യ വകുപ്പിനെ സംബന്ധിച്ചിടത്തോളം പി. എസ്. സി. ലിസ്റ്റ് നിലവിലുള്ള തൃശ്ശൂർ ജില്ലയിലെ 11 ഫാർമസിസ്റ്റുമാരുടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ എടുത്തുവരുന്നു. തിരുവനന്തപുരം ജില്ലയിൽ റാങ്ക് ലിസ്റ്റ് നിലവിലില്ല. ആരോഗ്യ വകുപ്പിലെ സ്റ്റോർ സൂപ്രണ്ട്മാരുടെ ഒഴിവുകൾ നികത്തുന്നതിനുവേണ്ടി ഡി. പി. സി. കൂടുന്നതിന് നടപടി എടുത്തുവരുന്നു. ഹോമിയോപ്പതി വകുപ്പിലെ 91 ഫാർമസിസ്റ്റുമാരുടെ ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയുർവേദ വകുപ്പിനെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

തൃശ്ശൂർ ജില്ലയിൽ വിവിധ തസ്തികകളിലെ ഒഴിവുകൾ നികത്താൻ നടപടി

126 [5915] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ആരോഗ്യ വകുപ്പിൽ വിവിധ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വേർതിരിച്ച് പറയാമോ;

(ബി) തൃശ്ശൂർ മെഡിക്കൽ കോളേജാശുപത്രിയിൽ നിലവിലുള്ള ഒഴിവുകൾ ഏതെല്ലാമാണെന്ന് പറയാമോ;

(സി) ഇവയിൽ ഏതെങ്കിലും ഒഴിവുകൾ നികത്തുവാൻ പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലില്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഈ ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ ആരോഗ്യ വകുപ്പിൽ വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളുടെ വിശദവിവരം താഴെ കൊടുക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly